ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണ പ്രവർത്തനങ്ങൾ

49 [932] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

2006 ഡിസംബർ മാസത്തോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

പട്ടാമ്പി, നെല്ലായ-കുലുക്കല്ലൂർ, ഷൊർണ്ണൂർ കുടിവെള്ളപദ്ധതികൾ പൂർത്തീകരിക്കാൻ നടപടി

50 [933] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പട്ടാമ്പി, നെല്ലായ-കുലുക്കല്ലൂർ, ഷൊർണ്ണൂർ എന്നീ കുടിവെള്ളപദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

പദ്ധതി		പൂർത്തിയാക്കുന്ന വർഷം
(1) പട്ടാമ്പി ശുദ്ധജലവിതരണ പദ്ധതി	..	12/2005
(2) നെല്ലായ-കുലുക്കല്ലൂർ	..	12/2005
(3) ഷൊർണ്ണൂർ	..	2/2004

(ബി) കാലതാമസത്തിനുള്ള കാരണങ്ങൾ താഴെപറയുന്നവയാണ്:

(1) പട്ടാമ്പി ശുദ്ധജലവിതരണ പദ്ധതി.—ഈ പദ്ധതിയുടെ ജലസ്രോതസ്സിന്റെയും ജലസംഭരണിയുടെ നിർദ്ദിഷ്ട സ്ഥലത്തിന്റെയും വ്യതിയാനംമൂലം പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(2) നെല്ലായ-കുലുക്കല്ലൂർ ശുദ്ധജലവിതരണ പദ്ധതി.—ഈ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം കിട്ടാനുള്ള കാലതാമസം പദ്ധതിയുടെ പ്രവർത്തനങ്ങളിൽ കാലതാമസം വരുത്തിയിട്ടുണ്ട്.

(3) ഷൊർണ്ണൂർ ശുദ്ധജലവിതരണ പദ്ധതി.—ഈ പദ്ധതി LIC സഹായത്തോടുകൂടിയുള്ളതാണ്. നിർദ്ദിഷ്ട സ്ഥലങ്ങൾ യഥാസമയം കിട്ടാതെ വന്നതുകൊണ്ട് പദ്ധതിയുടെ അടങ്കൽതുക വർദ്ധിക്കുകയും എൽ. ഐ. സി.-യിൽനിന്ന് അധികം തുക ലഭിക്കാതെ വരികയും ചെയ്തു. സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ബാക്കി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

മഴവെള്ളം ശേഖരിക്കുന്നതിന് പദ്ധതി

51 [934] ശ്രീ. ജോണി നെല്ലൂർ:
„ ഉമേഷ് ചള്ളിയിൽ:
„ എ. എൻ. രാജൻബാബു:
„ കെ. കെ. ഷാജു:
„ ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മഴവെള്ളം ശേഖരിക്കുന്നതിനുള്ള പദ്ധതി സന്നദ്ധ സംഘടനകൾവഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

ഉത്തരം

കേരള വാട്ടർ അതോറിറ്റി നടപ്പാക്കിവരുന്ന 'വർഷ' മഴവെള്ളക്കൊയ്ത്തു പദ്ധതിയുടെ പണികൾ സന്നദ്ധ സംഘടനകൾവഴിയാണ് നടപ്പാക്കുന്നത്.

എപ്പിഗ്രാഫി ഇൻസ്റ്റിറ്റ്യൂട്ട്

52 [935] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു വകുപ്പിന്റെ കീഴിൽ എപ്പിഗ്രാഫി പഠിപ്പിക്കുന്നതിനുള്ള ഏതെങ്കിലും ഇൻസ്റ്റിറ്റ്യൂട്ട് നിലവിലുണ്ടോ; എങ്കിൽ എവിടെയാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്ഥാപനത്തിൽ എപ്പിഗ്രാഫി പഠന സംബന്ധമായ എന്തൊക്കെ ജോലികളാണ് നടന്നതെന്ന് വിശദമാക്കുമോ;

(സി) ഇവിടെനിന്നും ഇതേ കാലയളവിൽ എപ്പിഗ്രാഫിയിൽ എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ട്; ഉണ്ടെങ്കിൽ ഇവർ ആരൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ എന്തുകാരണത്താലാണ് പരിശീലനം നൽകാതിരുന്നത് എന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly